ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറ് വളപ്പിലെ, സ്വാതന്ത്ര്യസമര സേനാനികളുടെയും ഉന്നത നേതാക്കളുടെയും പ്രതിമകൾ ഒരേ സ്ഥലത്ത് ക്രമീകരിച്ച 'പ്രേർണാ സ്ഥൽ' ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജ്യത്തിന് സമർപ്പിച്ചു.

   Vice President and Chairman of Rajya Sabha, Jagdeep Dhankhar inaugurated the newly constructed 'Prerna Sthal' in the Parliament House complex today.

2. നൂതന ആശയങ്ങളിലൂടെ ഭീകരവാദം തുടച്ചുനീക്കി മാതൃക സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

   Home Minister Amit Shah said the government is committed to eliminate terrorism with the help of innovative ideas.

3. കനത്ത മഴയും മണ്ണിടിച്ചിലിനെയും തുടർന്ന് സിക്കിമിൽ കുടുങ്ങിയ 2,000-ലധികം വിനോദ സഞ്ചാരികളെ ഒഴിപ്പിക്കാനുള്ള ശ്രമം പുരോഗമിക്കുന്നു. സഞ്ചാരികൾ സുരക്ഷിതരെന്ന് ജില്ലാ ഭരണകൂടം

   The efforts to evacuate around 2,000 tourists stranded in Sikkim due tor heavy rainfall and landslide are on full swing. All tourists are safe said the district administration

4. **ത്യാഗത്തിൻറെ സ്മരണ പുതുക്കി നാളെ ബലി പെരുന്നാൾ. ആശംസകൾ നേർന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും**

   **Bakrid to be celebrated tomorrow. Governor Arif Muhammad Khan and Chief Minister Pinarayi Vijayan conveyed festival wishes**

5. **ബംഗളൂരുവിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 266 റൺസ് വിജയലക്ഷ്യം.**

   **In Women's ODI cricket, India sets a target of 266 against South Africa**

&&&&&&&&&&&&&&&&&&

## VP – PRERNA STHAL

പാർലമെൻറ് വളപ്പിലെ സ്വാതന്ത്ര്യസമര സേനാനികളുടെയും ഉന്നത നേതാക്കളുടെയും പ്രതിമകൾ ഒരുസ്ഥലത്ത് തന്നെ കണ്ട് ആദരമർപ്പിക്കാൻ സന്ദർശകർക്ക് അവസരം ഒരുക്കുന്ന 'പ്രേർണസ്ഥൽ' ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജ്യത്തിന് സമർപ്പിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, പാർലമെൻററി കാര്യമന്ത്രി കിരൺ റിജിജു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സന്ദർശകർക്ക് ഉന്നത നേതാക്കളുടെ ജീവചരിത്രവും സന്ദേശവും നവസാങ്കേതിക വിദ്യയിലൂടെ ലഭ്യമാക്കാൻ കർമ്മ പദ്ധതി തയാറാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## NITIN GADKARI

ജമ്മുകശ്മീരിലെ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുടെ അധ്യക്ഷതയിൽ നാളെ ഉന്നതതല യോഗം ചേരും. ഈ മാസം 29-നാരംഭിച്ച്, ഓഗസ്റ്റ് 19 ന് അവസാനിക്കുന്ന അമർനാഥ് തീർത്ഥാടനം സുഗമമാക്കുന്നതിന് റോഡ് സൗകര്യം, ജമ്മു-ശ്രീനഗർ ഹൈവേ എന്നിവ ചർച്ചാവിഷയമാകും. ലഡാക്കിൽ സോജിലാ തുരങ്കം പോലെ നയതന്ത്രപ്രാധാന്യമുള്ള വികസന പദ്ധതികളാണ് നിർമാണത്തിലിരിക്കുന്നത്. ബാൽടാൽ , പഹൽഗാം ബെയ്സ് ക്യാമ്പ് മുതൽ അമർനാഥ് വരെയുള്ള ഹൈവേ നിർമാണ പദ്ധതി കേന്ദ്രസർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ളതാണ്. ജമ്മുകശ്മീരിൽ നടന്നുവരുന്ന ഒരു ലക്ഷം കോടിയിലേറെ രൂപയുടെ വികസനപദ്ധതികളും അവലോകനം ചെയ്യും.

&&&&&&&&&&&&&&&&&&

## REV SHAH – J AND MEETING –INTRO

ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും അമർനാഥ് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ വിലയിരുത്തുന്നതിനും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു.

***വിശദാംശങ്ങളിലേക്ക്....***

***(ഹോൾഡ് വോയിസ്)***

&&&&&&&&&&&&&&&&&&

## REV SHAH – J AND MEETING –VOICE

കശ്മീരിൽ അടുത്തിടെ നടന്ന ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ

നേതൃത്വത്തിൽ യോഗം ചേർന്നത് . ജമ്മു ഡിവിഷനിൽ നടപ്പിലാക്കിയ ഏര്യ ഡോമിനേഷൻ പ്ലാൻ, സീറോ ടെറർ പ്ലാൻ എന്നിവയിലൂടെ ഭീകരർക്കെതിരായ വിജയം ആവർത്തിക്കാൻ അദ്ദേഹം ഏജൻസികളോട് നിർദേശിച്ചു. നൂതന ആശയങ്ങളിലൂടെ ഭീകരവാദം തുടച്ചുനീക്കി മാതൃക സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു .പരസ്പര സഹകരണത്തിലൂടെ വേഗത്തിൽ പ്രവർത്തിക്കാൻ അദ്ദേഹം സുരക്ഷാ ഏജൻസികളോട് നിർദേശിച്ചു. ജമ്മുകശ്മീരിൽ ഭീകരവാദത്തിനെതിരായ യുദ്ധം നിർണായക ഘട്ടത്തിലാണെന്നും സംഘം ചേർന്നുള്ള ആക്രമണം എന്നതിൽ നിന്ന് ഒരു നിഴൽ യുദ്ധം മാത്രമായി മാറിയതായി നിലവിലെ സംഭവങ്ങൾ സൂചിപ്പിക്കുന്നതായും ശ്രീ ഷാ അഭിപ്രായപ്പെട്ടു. സുരക്ഷാ സേനകൾ തമ്മിൽ തടസരഹിത സഹകരണം ആവശ്യമാണെന്നും പ്രദേശത്തെ സുരക്ഷാ പ്രശ്നങ്ങളും ആക്രമണ സാധ്യതാ മേഖലകളും മനസിലാക്കേണ്ടതുണ്ടെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി പറഞ്ഞു. സർക്കാരിൻറെ പരിശ്രമത്തിലൂടെ കശ്മീർ മേഖലയിൽ ഭീകരപ്രവർത്തനം വലിയ തോതിൽ കുറയ്ക്കാൻ സാധിച്ചതായും ശ്രീ ഷാ അഭിപ്രായപ്പെട്ടു. താഴ്വരയിൽ ക്രമസമാധാന നില മെച്ചപ്പെട്ടത് ടൂറിസം രംഗത്തിന് ഗുണം ചെയ്തതായും അദ്ദേഹം പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വിജയകരമായ നടത്തിപ്പിലും വോട്ടിങ് ശതമാനം വർധിച്ചതിലും അദ്ദേഹം സുരക്ഷാ ഏജൻസികളെ അഭിനന്ദിച്ചു. ഈ മാസം 29ന് ആരംഭിക്കുന്ന അമർനാഥ് യാത്ര ഓഗസ്റ്റ് 19ന് സമാപിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&

## CRIMINAL LAW

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ് സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്തമാസം ഒന്നിന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ് വാൾ. ഇത് സംബന്ധിച്ച പരിശീലന നടപടികൾ നാഷണൽ ജുഡീഷ്യൽ അക്കാദമി, ദേശീയ നിയമ സർവ്വകലാശാല തുടങ്ങിയ ഇടങ്ങളിൽ

പുരോഗമിക്കുകയാണ്. കൊൽക്കത്തയിൽ സംഘടിപ്പിച്ച പുതിയ ക്രിമിനൽ നിയമ അവബോധ പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. 2023 ഡിസംബറിലാണ് രാഷ്ട്രപതി മൂന്ന് നിയമങ്ങൾക്കും അംഗീകാരം നൽകിയത്.

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ 'എൻസിആർബി സംഗലൻ ഓഫ് ക്രിമിനൽ ലോസ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ട്. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്പ് ലഭ്യമാകും.

&&&&&&&&&&&&&&&&&&

## PM-YOGA VIDEO

അന്താരാഷ്ട്ര യോഗാദിനത്തിൻറെ ഭാഗമായി സമൂഹമാധ്യമത്തിൽ പാദ-ഹസ്താസനത്തിൻറെ പ്രയോജനങ്ങൾ ഇംഗ്ലീഷിലും ഹിന്ദിയിലും വിവരിക്കുന്ന വീഡിയോ പോസ്റ്റ് ചെയ്തു പ്രധാനമന്ത്രി നരേന്ദ്രമോദി. ഇത് ഏവരും പരിശീലിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

## AGRI-SHIVRAJ

പി എം കിസാൻ സമ്മാൻനിധി പദ്ധതി പ്രകാരം പ്രധാനമന്ത്രി നരേന്ദ്രമോദി 20,000 കോടിയോളം രൂപ, ചൊവ്വാഴ്ച കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറും. 9 കോടി 3 ലക്ഷം കർഷകർക്കാണ് പണം നൽകുന്നത്. വാരാണാസിയിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ 11 കോടി കർഷകരുടെ അക്കൗണ്ടുകളിലേക്ക് മൂന്ന് ലക്ഷം കോടി രൂപ

കൈമാറിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. പരിപാടിയിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ മുഖ്യമന്ത്രിമാർക്കും അദ്ദേഹം കത്തയച്ചു.

&&&&&&&&&&&&&&&&&&

## CBIC- FRAUD CAMPAIGN

രാജ്യത്ത് വർധിച്ചു വരുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം വളർത്തുന്നതിനായി പ്രത്യക്ഷ നികുതി കസ്റ്റംസ് ബോർഡ് ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു. മൊബൈൽ സന്ദേശങ്ങൾ, ഇമെയിൽ സമൂഹമാധ്യമം, പത്രമാധ്യമം എന്നിവയലൂടെയുള്ള സാമ്പത്തിക കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർധിപ്പിക്കുന്നതിനാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. കസ്റ്റംസ് ഓഫിസർ ചമഞ്ഞ് പൊതു ജനങ്ങളിൽ നിന്ന് പണം തട്ടിയെടുക്കുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ട പശ്ചാത്തലത്തിലാണ് നടപടിയെന്ന് ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## DAY SIKKIM EVACUATION

കനത്ത മഴയും മണ്ണിടിച്ചിലിനെയും തുടർന്ന് സിക്കിമിലെ ലാച്ചുങ്ങിലും ചുങ്താങ്ങിലും കുടുങ്ങിയ 15 വിദേശകളടക്കം 2,000-ലധികം വിനോദ സഞ്ചാരികളെ ഒഴിപ്പിക്കാനുള്ള ശ്രമം പുരോഗമിക്കുന്നു. കാലാവസ്ഥ മോശമായതിനാൽ വിമാനമാർഗമുള്ള ഒഴിപ്പിക്കൽ സാധ്യമാകാത്ത അവസ്ഥയിലാണെന്നും എല്ലാവരും ഹോട്ടലുകളിൽ സുരക്ഷിതരാണെന്നും മംഗൻ ജില്ലാ കളക്ടർ പറഞ്ഞു . റോഡ് ഗതാഗതവും താറുമാറായിട്ടുണ്ട്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് വിനോദസഞ്ചാരികളുടെ സുരക്ഷിതമായ

തിരിച്ചുവരവ് ഉറപ്പാക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. സിക്കിമിൽ കഴിഞ്ഞ നാലു ദിവസത്തിനിടെ ഉണ്ടായ പ്രകൃതി ക്ഷോഭങ്ങളിൽ ഇതുവരെ ഒൻപതുപേർ മരിച്ചു.

&&&&&&&&&&&&&&&&&&

## EARTHQUAKE

പാലക്കാടും തൃശൂരും ഇന്ന് പുലർച്ചെ വീണ്ടും നേരിയ ഭൂചലനം. പാലക്കാട് ജില്ലയിലെ തൃത്താല, തിരുമറ്റിക്കോട് മേഖലകളിലാണ് ഇന്ന് പുലർച്ചെ 3.55 ഓടെ വീണ്ടും ഭൂചലനം അനുഭവപ്പെട്ടതെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. റിക്ടർ സ്കെയിലിൽ 2.9 തീവ്രതയാണ് രേഖപ്പെടുത്തിയത്. ആളപായമോ, നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്നലെ രാവിലെയും ഈ മേഖലകളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. അതേസമയം, നേരിയ ഭൂചലനമാണ് ഉണ്ടായതെന്നും ആശങ്ക വേണ്ടെന്നും റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## BAKRID

ത്യാഗത്തിൻറെയും ആത്മ സമർപ്പണത്തിൻറെയും പാവനസ്മരണകളുമായി കേരളത്തിൽ നാളെ ബലി പെരുന്നാൾ. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിൻറെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ബലിപെരുന്നാളിനോടനുബന്ധിച്ച് കേരളത്തിലെ പള്ളികളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബലി പെരുന്നാൾ.

&&&&&&&&&&&&&&&&&&

## BAKRID GREETINGS

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മലയാളികൾക്ക് ബക്രീദ് ആശംസകൾ നേർന്നു. മുഖ്യമന്ത്രി പിണറായി വിജയനും ബക്രീദാശംസകൾ അറിയിച്ചു. പരസ്പര സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മഹത്തായ സന്ദേശമാണ് ബലിപെരുന്നാൾ പകർന്നു നൽകുന്നതെന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## WOMENS CRICKET

ബംഗളൂരുവിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 266 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 265 റൺസ് നേടി.

ഒടുവിൽ വിവരം ലഭിക്കുമ്പോൾ ദക്ഷിണാഫ്രിക്ക------- ഓവറിൽ --------- വിക്കറ്റ് നഷ്ടത്തിൽ -------- റൺസ് എന്ന നിലയിൽ.

&&&&&&&&&&&&&&&&&&&

## T-20 CRICKET

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ അയർലൻഡിനെ നേരിടും. രാത്രി 8 മണിക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ 5 വിക്കറ്റിന് സ്കോട്ലൻഡിനെ പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത സ്കോട്ലൻഡ് നിശ്ചിത ഓവറിൽ 5 വിക്കറ്റിന് 180 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ ഓസ്ട്രേലിയ 19.4 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

&&&&&&&&&&&&&&&&&&&

## IMD- WEATHER

ഉത്തരേന്ത്യയിലെ വിവിധ ഭാഗങ്ങളിൽ കടുത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാഹചര്യങ്ങളെ തുടർന്ന് രാജ്യത്തിൻറെ വടക്ക്-പടിഞ്ഞാറ്, മധ്യ- കിഴക്കൻ മേഖലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച്, മഞ്ഞ ജാഗ്രത നിർദ്ദേശങ്ങൾ നൽകി. അതേസമയം, അടുത്ത 6 ദിവസങ്ങളിൽ വടക്കു-കിഴക്കൻ ഇന്ത്യയിലും പശ്ചിമ ബംഗാളിലും കനത്ത മഴ ലഭിക്കുമെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി . കർണാടക, കേരളം, ലക്ഷദ്വീപ്, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലും അടുത്ത 5 ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴ ലഭിക്കുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ 6 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ആണ് കേന്ദ്ര കാലാവസ്ഥാവകുപ്പു മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിരിക്കുന്നത്. ചൊവ്വാഴ്ച വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&